കൂടി ആഗ്രഹത്തേയും സ്വപ്നത്തേയും മറികടന്നുകൊണ്ടുള്ള ഒരു മറുപടിയാണ് സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഈ ബില്ലിൽ ഉദ്ദേശിച്ച ലക്ഷ്യത്തേക്കാൾ അപ്പുറത്തുള്ള ലക്ഷ്യത്തിലേക്ക് ഈ ബില്ലിലെ ആശയം എത്താൻ കഴിഞ്ഞു. ആ സന്തോഷം പങ്കുവെച്ചുകൊണ്ട് കേരളത്തിലെ എല്ലാ കലാകാരൻമാരെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ക്ഷേമനിധി ഉണ്ടാക്കുമെന്ന് പറഞ്ഞ മന്ത്രിയുടെ അഭിമാനകരമായ പ്രഖ്യാപനത്തോട് പൂർണ്ണ നന്ദിരേഖപ്പെടുത്തികൊണ്ട് ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ പിൻവലിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

2. 2005-ലെ കേരള ലൈറ്റ് ആൻറ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബിൽ: (ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. മുരളി സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

3. 2005-ലെ കേരള കൊമേഴ്സ്യൽ ഇൻസ്ട്രക്ടേഴ്സ് പരിശീലകരുടെ ക്ഷേമനിധി ബിൽ: (ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. മുരളി സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

4. 2005-ലെ കേരള ആരോഗ്യ സുരക്ഷാ കാർഡ് നടപ്പാക്കൽ ബിൽ: (ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

5. 2005-ലെ കേരള പ്രകൃതി, പരിസ്ഥിതി സംരക്ഷണ ബിൽ: (ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

മി. ചെയർമാൻ: 2005-ലെ കേരള സംസ്ഥാന പത്ര മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(6) 2005-ലെ കേരള സംസ്ഥാന പത്രമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2005-ലെ കേരള സംസ്ഥാന പത്ര മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ നോട്ടീസ് നൽകിയിട്ടുള്ള പ്രമേയം പത്ര മാധ്യമ രംഗത്ത് ജോലിചെയ്യുന്നവരെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ പത്രമാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന സ്ട്രിംഗർമാർ, ലൈനർമാർ, പത്രവിതരണക്കാർ തുടങ്ങിയ വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത ജോലിചെയ്യുന്നവരെ സംബന്ധിച്ചാണ്. ഈ ബില്ലിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതുപോലെ ഏകദേശം ഒരു ലക്ഷത്തോളം പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു എന്നാണ്. ഗവൺമെന്റിന്റെ കണക്കനുസരിച്ച് പത്രവിതരണക്കാർ 60,000 പേരോളമുണ്ട്. പക്ഷേ സ്ട്രിംഗർമാർ ആകെ 3,000-ൽ താഴെയാണ് വരുന്നത്. അതോടൊപ്പം തന്നെ ലൈനർമാരുടെ എണ്ണം 200-ൽ താഴെയാണ്. പത്രങ്ങളുടെ ഔദ്യോഗിക റിപ്പോർട്ടർമാർ ഇല്ലാത്ത സ്ഥലങ്ങളിലെ വാർത്തകളും റിപ്പോർട്ട് ചെയ്യുന്നതിന് മാധ്യമങ്ങൾ നിയോഗിക്കുന്നവരാണ് സ്ട്രിംഗർമാർ. വാർത്തയോ കുറിപ്പോ പത്രങ്ങൾക്ക് നൽകി കോളം സെന്റീമീറ്റർ കണക്കിന് പൈസ പ്രതിഫലം വാങ്ങുന്നവരാണ് ലൈനർമാർ. പല സ്ട്രിംഗർമാരും ലൈനർമാരും പത്രസ്ഥാപനത്തിന്റെ സ്റ്റാഫ് റിപ്പോർട്ടർ റോളിൽ വരുന്നവരല്ല. സ്ട്രിംഗർമാരുടേയും ലൈനർമാരുടേയും പത്രവിതരണക്കാരുടേയും വേതനം പൊതുവെ കുറവായതിനാൽ ഇതിന്റെ അഞ്ച് ശതമാനവും വളരെ കുറവായിരിക്കും. രണ്ടു വിഭാഗത്തിന്റേയും കോൺട്രിബ്യൂഷൻസ് ഉന്നയിപ്പെടുത്തി ഒരു ക്ഷേമനിധി എന്നാണ് ബഹുമാനപ്പെട്ട മെമ്പർ വിഭാവനം ചെയ്തിട്ടുള്ളത്. പക്ഷേ ഇത്രയും ചുരുങ്ങിയ എണ്ണമുള്ള അവരുടെമാത്രം കോൺട്രിബ്യൂഷൻസ് കൊണ്ടും, അതിന് എന്തെങ്കിലും കോൺട്രിബ്യൂഷൻസ് മറ്റ് മാനേജ്മെന്റുകളുടെ ഭാഗത്തുനിന്ന് ഉന്നയിപ്പെടുത്തിയാൽ തന്നെ ഇവർക്ക് മാത്രമായി ഒരു ക്ഷേമനിധി എന്നത് പ്രായോഗികമായി നിലനിൽക്കാൻ പ്രയാസമായിരിക്കും എന്നാണ് ഗവൺമെന്റ് കരുതുന്നത്. അതോടൊപ്പംതന്നെ ഇപ്പോൾ ഈ സഭയുടെ മുമ്പിലുള്ള Shops and Other Establishment Workers' Welfare Fund Board-ന്റെ പരിധിയിൽ അതർ എസ്റ്റാബ്ലിഷ്മെന്റിന്റെ കൂട്ടത്തിൽ ഇവരെക്കൂടി ഉന്നയിപ്പെടുത്തി അവരെ ഈ ക്ഷേമപദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതായിരിക്കും പ്രായോഗികമായി നല്ലത്; അവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകാൻ കഴിയുന്നത്. വേജ് ബോർഡിന്റെ പരിധിയിൽവരുന്നവർക്ക് ഇപ്പോഴത്തന്നെ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിന് 60 ലക്ഷത്തോളം രൂപ പ്രതിവർഷം കണ്ടെത്തേണ്ടതായിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന ഗവൺമെന്റിന് ഇതിൽകൂടുതൽ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ ഇപ്പോൾ പ്രയാസമുണ്ട് എന്നതുകൊണ്ടും മറ്റ് ക്ഷേമ പദ്ധതിയുടെ കീഴിൽ ഈ തൊഴിലാളികളെക്കൂടി ഉന്നയിപ്പെടുത്തി അവരുടെ ക്ഷേമം ഉറപ്പാക്കാൻ കഴിയും എന്നതുകൊണ്ടും പ്രത്യേകമായ ഒരു ക്ഷേമ നിധി എന്ന ഈ ആശയത്തോട് യോജിക്കാൻ കഴിയുകയില്ല. പ്രായോഗികമായി ഇത് നടപ്പാക്കാൻ പ്രയാസമുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കേരള സംസ്ഥാനത്തെ പത്ര മാധ്യമ രംഗത്തെ സ്ട്രിംഗർമാർ, ലൈനർമാർ, പ്രാദേശിക ലേഖകർ, പത്രവിതരണക്കാർ തുടങ്ങി വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത ജോലികളും ചെയ്യുന്നവരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും പെൻഷൻ നൽകുന്നതിനുംവേണ്ടി ക്ഷേമനിധി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. എനിക്ക് കേരള വർക്കിംഗ് ജേർണലിസ്റ്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. ജയശങ്കർ നൽകിയ കണക്കു

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം, കേരളത്തിൽ എൺപതിനായിരത്തിനും, ഒരു ലക്ഷത്തിനും മധ്യേ പത്രവിതരണക്കാരും, ഏകദേശം അയ്യായിരത്തോളം സ്ട്രിംഗർമാരുമുണ്ട്. മനോരമയിൽ ഏകദേശം മൂവായിരം പേരും, മാതൃഭൂമിയിൽ ആയിരത്തി അഞ്ഞൂറു പേരും മറ്റുള്ള പത്രങ്ങളിലായി അഞ്ഞൂറോളം പേരും ഉണ്ടെന്നാണ് കണക്ക്. ലൈനർമാർ മൂവായിരം പേരും, ഏജൻറ്സ് ഏകദേശം പതിനയ്യായിരത്തോളം പേരും ഉണ്ട്. ജേർണലിസ്റുകളായി പതിനായിരത്തോളം പേരും, നോൺ-ജേർണലിസ്റുകളായി ഇരുപതിനായിരത്തോളം പേരും ഉണ്ടെങ്കിലും; നിലവിൽ പെൻഷൻ ലഭിക്കുന്നവരായി രണ്ടായിരം പേർ മാത്രമാണുള്ളത്. പെൻഷൻ സ്കീമിൽ ഉള്ളവരായി അയ്യായിരത്തോളം പേർ ഉണ്ടെന്നാണ് അനൗദ്യോഗികമായി തന്നിരിക്കുന്ന കണക്കിൽ പറയുന്നത്. പത്ര-മാധ്യമ തൊഴിലാളികൾ എന്നുപറയുമ്പോൾ വർക്കിംഗ് ജേർണലിസ്റുകൾ മാത്രമാണ് നമ്മുടെ ഓർമ്മയിൽ വരുന്നത്. മാധ്യമങ്ങൾ വർക്കിംഗ് ജേർണലിസ്റുകളെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സെൻസേഷണൽ ന്യൂസിനു വേണ്ടിയും, അട്രാക്ടീവ് റൈറ്റ് അപ്-നു വേണ്ടിയും. അവ വളരെ വലിയ തലക്കെട്ടോടെ അച്ചടിക്കുകയും ചെയ്യുന്നുണ്ട്. അവരെയെല്ലാം പത്ര സ്ഥാപനങ്ങൾ സംരക്ഷിക്കുന്നുമുണ്ട്. പക്ഷേ, പത്രത്തെ നിലനിർത്തുന്ന കുറച്ചുപേരുണ്ട്. അതായത്, അങ്ങനെയുള്ള ആളുകളാണ് ഞാൻ നേരത്തെ സൂചിപ്പിച്ച പത്രമാധ്യമ രംഗത്തെ അസംഘടിത വിഭാഗം—പത്രവിതരണക്കാർ, സ്ട്രിംഗർമാർ, ലൈനർമാർ തുടങ്ങിയവർ. അവർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ വേതനവും, എന്നാൽ കഠിനാദ്ധ്വാനം വളരെ കൂടുതലുമാണ്. എത്ര കഷ്ടപ്പെട്ടാണെങ്കിലും ഒരു സംഭവമുണ്ടായാൽ അവിടെ ഓടിയെത്തുന്നു. അതുപോലെ മലയാളിയുടെ ഒരു സ്വഭാവം, അതിരാവിലെ മുതൽ തുടങ്ങുന്ന അധ്വാനമാണ് പത്രവായന. രാവിലെ ഒരു കാപ്പി കുടിക്കുകയും അതോടൊപ്പം പത്രം വായിക്കുകയും ചെയ്യുന്നത് നമ്മുടെ ഒരു ശീലമാണ്. പക്ഷേ, അതിരാവിലെ പത്രം വീട്ടിൽ എത്തിച്ചുതരുന്ന, നേരിട്ട് വിതരണം ചെയ്യുന്ന വിതരണക്കാർ, ഒരു ഏജൻറിൻെറ കീഴിലാണ് പണിയെടുക്കുന്നത്. നമുക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കാര്യമാണ്, പ്രഭാതത്തിലെ ചായ കുടിയും പത്രപാരായണവും. മഴയെന്നോ, മഞ്ഞെന്നോ കാറെന്നോ നോക്കാതെ അതിരാവിലെ വീടുകളിൽ വളരെ ശുഷ്കാന്തിയോടെ പത്രം എത്തിക്കുന്ന, വെളുപ്പാൻ കാലത്ത് പോയി പത്രം എടുത്ത് ഉറക്കമില്ലാതെ പണിയെടുക്കുന്ന ഒരു വിഭാഗമാണ് നമ്മുടെ പത്ര വിതരണക്കാർ. പത്രം എത്തിച്ചുതരുന്ന അവർക്ക് ബാധകമായ ഒരു നിയമമോ യാതൊരു സുരക്ഷിതത്വമോ, ന്യായമായ വേതനമോ, പെൻഷനോ ഒന്നുമില്ല. വികസിച്ചുകൊണ്ടിരിക്കുന്ന ഏതൊരു ക്ഷേമ രാഷ്ട്രത്തിൻെറയും പ്രഥമ കർത്തവ്യമാണ് ഇത്. ആ കർത്തവ്യം മുമ്പിൽ കണ്ടുകൊണ്ടാണ്, അവരെ ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരുന്നത്. അതുപോലെതന്നെ സജീവമായ ഒരു വിഭാഗമാണ് പത്രരംഗത്ത് പ്രവർത്തിക്കുന്ന സ്ട്രിംഗർമാരും, ലൈനർമാരും. അവർ പത്ര വിതരണക്കാരേപ്പോലെതന്നെ അസംഘടിതരും അശരണരുമാണ്. നമുക്കറിയാം വളരെയധികം രാജ്യങ്ങളിൽ എല്ലാ പീഡനങ്ങൾക്കും, മനുഷ്യാവകാശ ധ്വംസനത്തിനും എതിരെ നിരന്തരം ശബ്ദിക്കുകയും, പ്രതികരിക്കുകയും ചെയ്യുന്നവരാണ് നമ്മുടെ പത്ര മാധ്യമങ്ങൾ. കയർ തൊഴിലാളികൾക്കും, കർഷക തൊഴിലാളികൾക്കും, കശുവണ്ടി തൊഴിലാളികൾക്കും കുറഞ്ഞ കൂലി നടപ്പാക്കണമെന്ന് എപ്പോഴും എഴുതുന്ന ദേശാഭിമാനി പോലും, ഇന്ന് കരാർ അടിസ്ഥാനത്തിലും താല്ക്കാലിക വ്യവസ്ഥയിലും ഉള്ള ജീവനക്കാരെ വച്ചാണ് സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നത്. പത്ര സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ ചെറിയൊരു ശതമാനം സ്ഥിരം ജീവനക്കാർ, എല്ലാവിധ ആനുകൂല്യങ്ങളും അനുഭവിക്കുമ്പോഴാണ് ആയിരക്കണക്കിന് വരുന്ന സ്ട്രിംഗർമാർ, ലൈനർമാർ, കരാർ-താല്ക്കാലിക ജീവനക്കാർ, ട്രെയിനികൾ, ദിവസക്കൂലി ജീവനക്കാർ മുതലായവർ മൈനംദിന ചെലവുകൾപോലും നടത്താൻ കഴിയാതെ ബുദ്ധിമുട്ടുന്നത്. അതുപോലെ, പാതിരാവോളം പണിചെയ്താൽ 60 രൂപ മാത്രം ദിവസവേതനം കൈപ്പറ്റുന്ന ഡി.ടി.പി. ഓപ്പറേറർമാർ, ഫോട്ടോഗ്രാഫർമാർ, ലേ ഔട്ട് ആർട്ടിസ്റ്റുകൾ, സർക്കുലേഷൻ ഫീൽഡ് വർക്കേഴ്സ്; പാക്കിംഗ് സ്റ്റാഫ് തുടങ്ങിയവരും നമ്മുടെ പത്രമേഖലയിലുണ്ട്. പകലന്തിയോളം പണിയെടുത്ത് ഒരു പത്രത്തിന്റെ നിലനിൽപ്പിന് ആവശ്യമായ വാർത്തകൾ നൽകുന്ന പ്രാദേശിക ലേഖകർമുണ്ട്. ഏറ്റവും ചുരുങ്ങിയ വേതനം ലഭിക്കുന്നവരിൽ ചിലർക്കു പോലും മാസം രണ്ടായിരം രൂപയിലേറെ ലഭിക്കുന്നില്ല. കരാർ ജീവനക്കാർക്കുപോലും മാന്യമായ ശമ്പളം നൽകാൻ, തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ദേശാഭിമാനി പോലും തയ്യാറാകുന്നില്ല. പത്രസ്ഥാപനത്തിലെ കരാർ/താൽക്കാലിക ജീവനക്കാർക്ക് നിയമം അനുശാസിക്കുന്ന 140 രൂപയെങ്കിലും ലഭിക്കുന്നതിനുള്ള വ്യവസ്ഥ കർശനമാക്കണം. ഇപ്പോൾ അവർക്ക് കുറഞ്ഞ കൂലി ഇല്ല എന്നുള്ളതുകൊണ്ട് : അങ്ങനെ ചെയ്യുന്നില്ല. പത്രക്കാർ നിരന്തരമായി അക്രമണത്തിന് ഇരയാകുന്ന കാലമാണ്. അതുകൊണ്ട് തൊഴിലാളികൾക്കും ജീവനക്കാർ അടക്കമുള്ള എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അംഗം ദേശാഭിമാനിയെപ്പറ്റി പറയുന്നത് കേട്ടു. ദേശാഭിമാനി പത്രത്തിന്റെ മാനേജർമാരായി വർക്ക് ചെയ്തവർ ഇവിടെയുണ്ട്. ദേശാഭിമാനി പത്രത്തിൽ നിയമപ്രകാരമുള്ള എന്ത് ആനുകൂല്യമാണ് കൊടുക്കാതിരിക്കുന്നത് എന്ന കാര്യം ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അവിടെയും സ്ഥിരജീവനക്കാരെ നിർത്താതെ, കരാർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ വച്ച് കുറഞ്ഞ വേതനത്തിൽ, ഡെയ്ലി ജീവനക്കാരെ വച്ച് ജോലിയെടുപ്പിച്ച് വലിയ ജോലിക്ക് ചെറിയ വേതനം നൽകി, ജോലികൾ ചെയ്യിക്കുന്നുണ്ട്. അത് ശരിതന്നെ. ഇത്തരം അസംഘടിതരായ പത്ര സ്ഥാപനങ്ങളിലെ കരാർ/താൽക്കാലിക ജീവനക്കാരുടെ മിനിമം കൂലി നിശ്ചയിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. താല്ക്കാലിക ലേഖകൻമാർ പാതിരാവുവരെ ബ്യൂറോകളിൽ ജോലി നോക്കുന്നതിന്, അവർക്ക് ലഭിക്കുന്നത് ആഹാരത്തിനു പോലും തികയാത്ത ശമ്പളമാണ്. അങ്ങനെ പത്രത്തെ നിലനിർത്തുന്ന, മഴയായാലും, മഞ്ഞായാലും, വെയിലായാലും, പണിയെടുക്കുന്ന ഇങ്ങനെയുള്ള വിഭാഗത്തിന്.....വിതരണക്കാരൻ രാവിലെ വീട്ടിൽ പത്രം കൃത്യസമയത്തിന് എത്തിച്ചില്ലെങ്കിൽ അവൻ പഴി കേൾക്കേണ്ടിവരും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട തമ്പാൻ, അങ്ങയുടെ മൂന്ന് ബില്ലുകളുണ്ട്. അങ്ങേയ്ക്ക് വേണമെങ്കിൽ ചർച്ച അടുത്ത ദിവസം തുടരാം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അഞ്ച് ബില്ലുകളുണ്ട് സർ. ആദ്യത്തെ ബില്ലുകാരൻ 40 മിനിട്ടാണ് എടുത്തത്. എനിക്ക് തുടരേണ്ട; ഇതിലാർക്കും തർക്കം വരേണ്ട കാര്യമില്ല. എനിക്ക് പറയാനുള്ളത്—

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക്, വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് കിട്ടുന്നതുപോലെ തന്നെ, അത്രയും കൊടുക്കാൻ യാതൊരു ഫീൽഗുഡുമില്ലെന്ന് എനിക്കറിയാം, എങ്കിലും, സജീവമായി പരിഗണിക്കേണ്ട ഒരു വിഭാഗമാണ്, അതുകൊണ്ട് മറ്റു ജീവനക്കാരെയും വേജ് ബോർഡിന്റെ പരിധിയിൽ കൊണ്ടുവന്ന് എല്ലാ സംരക്ഷണവും ഉറപ്പാക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നമുക്ക് ഈ ചർച്ചകൾ എവിടെയെങ്കിലും ഒന്ന് അവസാനിപ്പിക്കേണ്ടേ? ഇതൊരു മെഗാസീരിയൽ പോലെ പോയാൽ ബില്ലിന് ഒരിടത്തും ഒരു അന്തവുമുണ്ടാകില്ല.

മി. ചെയർമാൻ: കഴിഞ്ഞ തവണ ചർച്ച ചെയ്ത ബിൽ ബാക്കി നിൽക്കുന്നത് തീർക്കാൻ ശ്രമിക്കുകയല്ലേ വേണ്ടത്?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, എനിക്ക് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ട്. റൂൾ 284 അനുസരിച്ച് ദേശാഭിമാനി പത്രത്തെ അപകീർത്തിപ്പെടുത്തുന്ന ഒരു പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്. കേരളത്തിലുള്ള പത്ര സ്ഥാപനങ്ങളിൽ നിയമാനുസൃതമായി എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്ന, 90%-വും സ്ഥിരപ്പെടുത്തിയ ആളുകളെക്കൊണ്ട് മാത്രം പ്രവർത്തിപ്പിക്കുന്ന ഒരു സ്ഥാപനമാണ് ദേശാഭിമാനി. ആ ദേശാഭിമാനിയെ പൂർണ്ണമായും അപകീർത്തിപ്പെടുത്തുന്ന നിലയിൽ അവിടെ മുമ്പ് കൂലി കൊടുത്തിട്ടില്ല, കോൺട്രാക്ട് ലേബറാണ് നടത്തുന്നതെന്ന മെമ്പറുടെ പ്രസ്താവന അപകീർത്തികരമാണ്. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഒരു പത്രാധിപരെപ്പോലും പിരിച്ചുവിട്ട പത്രമാണ് ദേശാഭിമാനി. കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ അതിന്റെ നാഷണൽ കൗൺസിൽ യോഗത്തിൽനിന്ന് ഇറങ്ങിപ്പോയ ഒൻപത് മലയാളികളിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയായ സഖാവ് വി.എസ്..നെ .....

ശ്രീ. എം. എം. ഹസ്സൻ: അങ്ങ് പറഞ്ഞോയെന്ന് അറിഞ്ഞുകൂടാ. സഖാവ് വി. എസ്.-നെ അനുകൂലിക്കുന്ന പത്തു പതിനാറ് പേരെ ഇപ്പോൾ ദേശാഭിമാനിയിൽനിന്ന് മാറ്റിയിരിക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അതാണ് ഞാൻ സൂചിപ്പിച്ചത്. അതു മാത്രമല്ല, ഈ സഭയിൽ എനിക്കു രേഖാമൂലം നൽകിയ മറുപടിയിൽ കൈരളി ചാനലിൽനിന്ന് ഇരുപതോളം പേരെ പിരിച്ചു വിട്ടതായി പറയുന്നുണ്ട്.

മി. ചെയർമാൻ: അങ്ങ് ബില്ലിലേക്ക് വരണം.....(ബഹളം).....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നിങ്ങളും ഇങ്ങനെ ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല സുഹൃത്തേ. അതുകൊണ്ട് അവർക്കെല്ലാം പെൻഷൻ നൽകുന്നതിനും, ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഈ ബില്ലിനെ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ആദ്യം തന്നെ ഞാൻ പറഞ്ഞു, ഇവർക്കു മാത്രമായി ഒരു ക്ഷേമനിധി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ പ്രായോഗികമായി നടക്കുകയില്ലായെന്ന്. ഒന്ന് ഇങ്ങനെയുള്ള ക്ഷേമനിധികളുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്, ഇതിന്റെ വരുമാനം, ഇതെല്ലാംകൂടി നോക്കിക്കൊണ്ടേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. പിന്നെ പത്രമാധ്യമങ്ങളിൽ ഇതുപോലെ കരാറടിസ്ഥാനത്തിൽ ദേശാഭിമാനിയിൽ മാത്രമല്ല, മിക്കവാറും എല്ലാ പത്രങ്ങളിലും, ഇന്നിപ്പോൾ പുതിയ സാമ്പത്തികക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ വെളിച്ചത്തിൽ കരാർ എന്നത് ഒരു പുതിയ മേഖലയായിത്തന്നെ എല്ലാ സ്ഥാപനങ്ങളിലേക്കും വന്നുകൊണ്ടിരിക്കുകയാണ്. അതുപോലെത്തന്നെ ഇപ്പോൾ മാധ്യമങ്ങളിൽ മിക്കവാറും outsourcing തുടങ്ങിയിരിക്കുകയാണ്. അത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. കരാർ തൊഴിലാളികളെ പൂർണ്ണമായും നമുക്കിപ്പോൾ ഒഴിവാക്കാൻ കഴിയുന്ന—ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പേമെന്റ് ഓഫ് വേജസ് ആക്ടിൽ വരുത്തിയ ഒരു മാറ്റം അനുസരിച്ച് കോൺട്രാക്ട് അല്ലെങ്കിൽ താൽക്കാലിക നിയമനം എന്നും, വിവിധയിനം തൊഴിലിൽ ഏർപ്പെടുന്നവരെ permanent workers, apprentices എന്നും മറ്റും പറയുന്നപോലെ, താൽക്കാലികമായവരെക്കൂടി ഒരു അമെൻഡുമെന്റിലൂടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. അത് നിയമപരമായി നിലനിൽക്കത്തക്ക സാഹചര്യംപോലും ഉണ്ടായിരിക്കുകയാണ്. ഇങ്ങനെയുള്ള കോൺട്രാക്ട് തൊഴിലാളികളുടെ പ്രയാസങ്ങളെക്കുറിച്ചോ, അല്ലെങ്കിൽ അവർക്ക് മാന്യമായ വേതനം നൽകുന്നില്ലായെന്നുള്ളതിനെ സംബന്ധിച്ചോ പരാതി ലഭിച്ചാൽ അതു പരിശോധിക്കാനുള്ള സംവിധാനം ഇന്നുണ്ട്. അതു പരിശോധിക്കുന്നതുമാണ്. അങ്ങനെ പ്രത്യേകിച്ച് ഏതെങ്കിലും ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ സഭയിൽ ഒരു സബ്മിഷൻ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ അവതരിപ്പിച്ചിരുന്നു. വേജ് ബോർഡിനെ സംബന്ധിച്ച് കേന്ദ്രത്തിനോട് ആവശ്യപ്പെടാൻവേണ്ടിയുള്ളതാണത്. അന്ന്, പത്രപ്രവർത്തകരുടെ സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന സമ്മേളനത്തിന്റെ ഒരു തീരുമാനം, ഞാൻ ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ, വളരെ പോസിറ്റീവായ മറുപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതാണ്. അപ്പോൾ കേന്ദ്രത്തിനോട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ മറുപടി കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കിട്ടിയിട്ടുണ്ട്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): അതിന്റെ വെളിച്ചത്തിൽ നമ്മൾ കേന്ദ്രത്തിന് എഴുതിയിട്ടുണ്ട്. വേജ് ബോർഡിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ വേജ് ബോർഡിനെ നിയമിക്കുന്ന തീരുമാനം എടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ് എന്ന് അങ്ങേക്കറിയാം. അങ്ങനെയുള്ള ഒരു കാര്യം അവിടെ ആലോചനയുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു പുതിയ വേജ് ബോർഡിനെ സംബന്ധിച്ച് ആലോചന നടക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്, ഇതുപോലെ ഏതെങ്കിലും പരാതികൾ ലഭിച്ചാൽ പ്രത്യേകമായി പരിഗണിക്കും. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രയാസങ്ങൾ അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. പത്രവിതരണക്കാരായാലും ശരി, stringers ആയാലും ശരി, ലൈൻമാരായാലും ശരി, അന്നന്നത്തെ ആഹാരത്തിനു വേണ്ടിയിട്ടുള്ള ഒരു മാർഗ്ഗം എന്ന നിലയിലാണ്. അവരുടെ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഞാൻ മുമ്പേ സൂചിപ്പിച്ചപോലെ നമ്മുടെ ഏതെങ്കിലും പുതിയ ക്ഷേമപദ്ധതിയുടെ കീഴിൽ ഇവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലുള്ള ആനുകൂല്യങ്ങളും ഉറപ്പു വരുത്താൻ കഴിയുമോയെന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ട്. അതുകൊണ്ട് ഈ പ്രത്യേക ക്ഷേമനിധിക്കായുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ, ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, മന്ത്രിയുടെ വിശദമായ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അത് പിൻവലിക്കുകയാണ്. അത് എത്രയും പെട്ടെന്ന് നടപ്പാക്കണം.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

(7) 2005-ലെ മെഡിക്കൽ രംഗത്തെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2005-ലെ മെഡിക്കൽ രംഗത്തെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇത് മുമ്പ് പറഞ്ഞപോലെതന്നെ; മെഡിക്കൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്കു വേണ്ടിയുള്ളതാണ്. അവർക്കും നിലവിലുള്ള Labour Welfare Fund Board-ൽ അംഗങ്ങളാകാവുന്നതാണ്. രണ്ടിൽ കൂടുതൽ തൊളിലാളികൾ പണിയെടുക്കുന്ന ഏത് സ്ഥാപനത്തിലേയും തൊഴിലാളികൾ ഇപ്പോൾ നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. അവർക്ക് ആ ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ഇപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും, കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനും ധനസഹായം, എസ്.എസ്.എൽ.സി.ക്കുള്ള പ്രത്യേക ക്യാഷ് അവാർഡ്, ചികിൽസാ സഹായം ഇങ്ങനെയൊക്കെയുള്ള ആനുകൂല്യങ്ങൾ ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽപ്പെടുന്നവയാണ്, അതിൽ ഇവരെയും കൊണ്ടു വരാൻ കഴിയും. ഇതിൽ ഇപ്പോൾ ആകെ ഒരു പോരായ്മയായി ചൂണ്ടി കാണിക്കുന്നത് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പെൻഷൻ ലഭിക്കുന്നില്ലായെന്നതാണ്. ഈ സഭയുടെ പരിഗണനയിൽ ഇപ്പോൾ ഒരു ബിൽ ഉണ്ട്— Shops and Other Establishment Workers' Welfare Fund Board ബിൽ. ഇതിൽ മെഡിക്കൽ രംഗത്തും അതുപോലെതന്നെ ആശുപത്രികളിലും ഒക്കെ ജോലി ചെയ്യുന്ന തൊഴിലാളികളെ കവർ ചെയ്യുന്നുണ്ട്. നമ്മുടെ കടകളിലും കമ്പോളങ്ങളിലും ജോലി ചെയ്യുന്നവരോടൊപ്പം തന്നെ 'Other establishments' എന്നു പറയുന്നതിന്റെ നിർവ്വചനത്തിൽ ഈ മെഡിക്കൽ സ്റ്റോറുകളും, അതുപോലെതന്നെ സ്വകാര്യ ലാബുകളുമൊക്കെ ഉൾപ്പെടുത്താൻ കഴിയും. അവർക്ക് പെൻഷനടക്കമുള്ള ഒരു ക്ഷേമ പദ്ധതിയാണ് നമ്മൾ വിഭാവന ചെയ്തിട്ടുള്ളത്. ഈ സഭയുടെ പരിഗണനയിൽ, ഇപ്പോഴും BAC-യുടെ പരിഗണനയിലുള്ളതാണ് അത്. ഈ സെഷനിൽ തന്നെ ആ ബിൽ അവതരിപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly